**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5366** **05-07-2024 - ൽ മറുപടിയ്ക്ക്**

**സർവ്വകലാശാല പരീക്ഷകൾ സമയബന്ധിതമായി നടത്തുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ സർവ്വകലാശാലകൾ നടത്തുന്ന പരീക്ഷകൾ സമയബന്ധിതമായി നടത്തുന്നതിനും പരീക്ഷാ റിസൾട്ട് വിദ്യാർത്ഥികൾക്ക് അധികം വൈകാതെ ലഭ്യമാക്കാനും നടപടികൾ സ്വീകരിച്ചുവരുന്നുണ്ടോ; വ്യക്തമാക്കാമോ? | (എ) | ഉണ്ട്.<br><br>കേരള സർവകലാശാല, പരീക്ഷകൾ സമയബന്ധിതമായി നടത്തി ഫലപ്രഖ്യാപനം നടത്തുന്നതിനു വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതിൻപ്രകാരം മൂല്യ നിർണ്ണയ രീതിയെ കേന്ദ്രീകൃത മൂല്യനിർണ്ണയ രീതിയിലേയ്ക്ക് മാറ്റിയിട്ടുണ്ട്. ഇതോടൊപ്പം SLCM (Student Life Cycle Management) സോഫ്റ്റ്‌വെയർ കേരള സർവകലാശാലയിൽ നടപ്പിലാക്കിയത് വഴി പരീക്ഷ നടത്തിപ്പും ഫലപ്രഖ്യാപനവും മറ്റ് പരീക്ഷ അനുബന്ധ പ്രവർത്തനങ്ങളും സമയബന്ധിതമായി നടത്താൻ സർവ്വകലാശാലയ്ക്ക് സാധിക്കുന്നുണ്ട്. കൂടാതെ 2024-25 അദ്ധ്യയന വർഷം മുതൽ ഏകീകൃത കലണ്ടർ വന്നതോടെ പരീക്ഷ നടത്തിപ്പും റിസൽട്ട് പ്രഖ്യാപനവും സമയബന്ധിതമാകുന്നതാണ്.<br><br>എം.ജി. സർവ്വകലാശാല പരീക്ഷാ കലണ്ടറിലെ സമയക്രമം പാലിച്ചുകൊണ്ടുതന്നെ പരീക്ഷകൾ നടത്തുകയും ഫലം പ്രഖ്യാപിക്കുകയും ചെയ്തുവരുന്നു. ചോദ്യപേപ്പർ പരീക്ഷാകേന്ദ്രങ്ങളിൽ എത്തിക്കുന്നതിന് Online Question Paper Streaming നടപ്പിലാക്കി. ചോദ്യക്കടലാസുകൾ അച്ചടിച്ചു നൽകുന്ന രീതി പഴയ സ്കീമിലുള്ള വളരെ കുറച്ച് കോഴ്സുകൾക്ക്/ പ്രോഗ്രാമുകൾക്ക് മാത്രമായി പരിമിതപ്പെടുത്തിയിട്ടുണ്ട്. പരീക്ഷകൾ പൂർത്തിയാകുന്ന മുറയ്ക്ക് തന്നെ ഉത്തരക്കടലാസുകൾ പരീക്ഷാകേന്ദ്രങ്ങളിൽ നിന്ന് ശേഖരിച്ച് മൂല്യനിർണ്ണയത്തിനായി തയ്യാറാക്കി Zonal ക്യാമ്പുകൾ വഴി മൂല്യകർത്താക്കൾക്ക് വിതരണം ചെയ്യുന്നതിനും സമയബന്ധിതമായി മൂല്യനിർണ്ണയം പൂർത്തിയാക്കിയ ഉത്തരക്കടലാസുകൾ Zonal Camps വഴി തന്നെ ശേഖരിച്ച് സർവ്വകലാശാലയുടെ Data Centreൽ ടാബുലേഷൻ പൂർത്തിയാക്കി സാങ്കേതിക വിഭാഗത്തിന്റെ സഹായത്തോടെ ടാബുലേഷൻ |

വിഭാഗം പരീക്ഷാഫലം തയ്യാറാക്കുന്നു. ഇത്തരത്തിൽ പരീക്ഷാനടത്തിപ്പിലും ഫലപ്രഖ്യാപനത്തിലും സമയക്രമം പാലിക്കാൻ കഴിയുന്നു.

കാലിക്കറ്റ് സർവകാലശാല അതാതു അക്കാദമിക വർഷം ആരംഭിക്കുന്നതിനു മുൻപേ തന്നെ തയ്യാറാക്കുന്ന അക്കാദമിക് കം എക്സാമിനേഷൻ കലണ്ടർ പ്രകാരമാണ് പരീക്ഷയ്ക്ക് രജിസ്ട്രേഷൻ അനുവദിയ്ക്കുന്നതു മുതൽ ഫല പ്രഖ്യാപനം വരെയുള്ള എല്ലാ നടപടികളും പൂർത്തീകരിച്ചു വരുന്നത്. പരീക്ഷാ ഫലം വേഗത്തിലാക്കുന്നതുമായി ബന്ധപ്പെട്ട് ബാർകോഡ് പരീക്ഷ സംവിധാനം കാലിക്കറ്റ് സർവ്വകലാശാല നടപ്പിലാക്കിയിട്ടുണ്ട്. ബാർകോഡ് പരീക്ഷാ സംവിധാനത്തിന്റെ ഭാഗമായി മൂല്യനിർണ്ണയ ക്യാമ്പുകളിൽ മൊബൈൽ ഫോൺ ആപ്ലിക്കേഷൻ ഉപയോഗിച്ച് മാർക്കുകൾ രേഖപ്പെടുത്തുന്നതിനാൽ ശരാശരി 20 പ്രവർത്തി ദിവസങ്ങൾക്കകം ഫല പ്രഖ്യാപനം നടത്താൻ സാധിക്കുന്നുണ്ട്.

കണ്ണൂർ സർവകലാശാല വർഷാവർഷം തയ്യാറാക്കുന്ന അക്കാദമിക് - പരീക്ഷാ കലണ്ടറിനനുസൃതമായി പരീക്ഷാ വിജ്ഞാപനം മുതൽ ഫലപ്രഖ്യാപനം വരെയുള്ള മുഴുവൻ പ്രവർത്തനങ്ങളും സമയബന്ധിതമായി നിർവ്വഹിക്കുന്നതിലേക്ക് പരീക്ഷാ കൺട്രോളറുടെ നേതൃത്വത്തിൽ പ്രവർത്തന പദ്ധതി തയ്യാറാക്കി അവശ്യമായ നിർദ്ദേശങ്ങൾ ബന്ധപ്പെട്ടവർക്ക് സമയാസമയം നൽകാറുണ്ട്. ടി പ്രവർത്തനങ്ങൾ സർവ്വകലാശാല സിൻഡിക്കേറ്റ് അംഗങ്ങൾ ഉൾപ്പെട്ട പരീക്ഷാ മോണിറ്ററിങ് സമിതി നിശ്ചിത ഇടവേളകളിൽ വിലയിരുത്തി അവശ്യമായ മാർഗനിർദ്ദേശങ്ങൾ നൽകാറുണ്ട്.

കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയിൽ പരീക്ഷ കലണ്ടർ നിലവിലുണ്ട്. ഇതിനനുസൃതമായി പരീക്ഷാ നടത്തിപ്പ്, ഫലപ്രഖ്യാപനം എന്നിവ സമയബന്ധിതമായി തന്നെ നടത്തപ്പെടുന്നുണ്ട്.

ശ്രീ ശങ്കാരാചാര്യ സംസ്കൃത സർവ്വകലാശാലയിൽ സർവകലാശാല പ്രസിദ്ധീകരിക്കുന്ന അക്കാദമിക് കലണ്ടർ പ്രകാരം പരീക്ഷകൾ സമയബന്ധിതമായി നടത്തി പരീക്ഷ റിസൾട്ട് അധികം വൈകാതെ പ്രസിദ്ധീകരിക്കാനുള്ള നടപടികൾ എടുക്കാറുണ്ട്.

നുവാൽസിൽ അക്കാദമിക് കലണ്ടർ പ്രകാരം പരീക്ഷകൾ സമയബന്ധിതമായി നടത്തുവാനും റിസൾട്ട് പബ്ലിഷ് ചെയ്യുവാനും അതീവ ശ്രദ്ധ ചെലുത്തി പോരുന്നു.

| | | | |
|---|---|---|---|
| | | | തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവകലാശാല നടത്തുന്ന ബിരുദാനന്തര ബിരുദ പരീക്ഷകൾ സമയബന്ധിതമായി നടത്തുകയും പരീക്ഷാഫലം യഥാസമയം പ്രസിദ്ധീകരിക്കുകയും ചെയ്യുന്നുണ്ട്.<br><br>എ.പി.ജെ. അബ്ദുൾകലാം സാങ്കേതിക ശാസ്ത്ര സർവകലാശാലയിൽ അക്കാഡമിക് കലണ്ടർ അന്തിമ രൂപം ആവുന്നതിനൊപ്പം തന്നെ പരീക്ഷ കലണ്ടർ പ്രസിദ്ധീകരിക്കുകയും അതിനു അനുരൂപമായിത്തന്നെ പരീക്ഷ നടത്തിപ്പ് ക്രമീകരിക്കുകയുമാണ് ചെയ്തുകൊണ്ടിരിക്കുന്നത്. പരീക്ഷാ കലണ്ടറിൽ ഫലപ്രഖ്യാപന തീയതിയും ഉൾപ്പെടുത്തുന്നു. ഇത് പ്രകാരം കേന്ദ്രീകൃത മൂല്യനിർണ്ണയ ക്യാമ്പുകൾ കൃത്യമായി പ്ലാൻ ചെയ്യുകയും പരീക്ഷാദിവസം വൈകിട്ട് തന്നെ പരീക്ഷാപേപ്പറുകൾ മൂല്യനിർണ്ണയ ക്യാമ്പുകളിൽ എത്തുന്ന രീതിയിൽ ക്രമീകരണങ്ങൾ ചെയ്യുകയുമാണ്. ഇത്തവണ ബി.ടെക് / ബി.ആർക്ക് ഉൾപ്പെടെ ബിരുദ പ്രോഗ്രാമുകളുടെ പരീക്ഷാ ഫലം പരീക്ഷ നടന്ന് 19 ദിവസത്തിനുള്ളിൽ പ്രഖ്യാപിക്കാൻ സർവകലാശാലക്ക് കഴിഞ്ഞിട്ടുണ്ട്.<br><br>ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിയിൽ 03/12/2023 ൽ പൂർത്തിയാക്കിയ ഒന്നാം സെമസ്റ്റർ പി.ജി. പരീക്ഷയുടെ ഫലം 22/01/2024 ലും 20/01/2024 ൽ പൂർത്തിയാക്കിയ രണ്ടാം സെമസ്റ്റർ പി.ജി. പരീക്ഷയുടെ ഫലം 18 ദിവസത്തിനകം (08/02/2024) ലും പ്രസിദ്ധീകരിക്കാൻ കഴിഞ്ഞിട്ടുണ്ട്. നിലവിൽ പൂർത്തിയായ പരീക്ഷകളുടെ മൂല്യനിർണ്ണയം ചെയ്യുന്നതിനായി കേരളത്തിലെ വിവിധ കേന്ദ്രങ്ങളിൽ, 5 ജില്ലകളിലായി കേന്ദ്രീകൃത മൂല്യനിർണ്ണയ ക്യാമ്പുകൾ പ്രവർത്തിച്ചു വരുന്നു. പരീക്ഷാ സംവിധാനം പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. പരീക്ഷാഫലം സമയബന്ധിതമായി പ്രസിദ്ധീകരിക്കുന്നതിനുള്ള സാധ്യമായ എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ